"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- "Conservation of Various Heritage Buildings" എന്ന പ്രവൃത്തിയുടെ ഭരണാനുമതി കാലാവധി നീട്ടി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.93/2025/TSM തീയതി,തിരുവനന്തപുരം, 20-02-2025

---

പരാമർശം:-
1. 03-01-2019 ലെ സ.ഉ (സാധാ) നം.03/2019/ടൂറിസം ഉത്തരവ്
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 29-08-2024 തീയതിയിലെ DOT/11549/2023-P2 നമ്പർ കത്ത്.
3. 02-04-2024 ലെ G.O(MS) No.21/2024/PWD ഉത്തരവ്

**ഉത്തരവ്**

മുസിരിസ് ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെട്ട "Conservation of Various Heritage Buildings" എന്ന പ്രവൃത്തിയ്ക്ക് "5452-01-800-84 മുസിരിസ് ഹെറിറ്റേജ് ആൻറ് സ്പൈസ് റൂട്ട് പ്രോജക്ട്സ്" എന്ന ശീർഷകത്തിൽ നിന്നും ₹6,61,78,000/- രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ടും, പ്രസ്തുത പ്രവൃത്തി M/s. INKEL Ltd. എന്ന സ്ഥാപനം മുഖേന 18 മാസത്തിനുള്ളിൽ പൂർത്തീകരിയ്ക്കുന്നതിനുമായി പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

(2). പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന കൺസർവേഷൻ ഓഫ് കനാൽ ഓഫീസ്, റിപ്പയർ ആൻഡ് മെയിന്റനൻസ് ഓഫ് പാലിയം ഊട്ടുപുര, കൺസർവേഷൻ ഓഫ് കീഴ്ത്തളി ടെമ്പിൾ, റിപ്പയർ ആൻഡ് മെയിന്റനൻസ് ഓഫ് ഹോളി ക്രോസ് ചർച്ച് എന്നീ 4 പ്രവൃത്തികളും ടെണ്ടർ ചെയ്യുവാൻ കാലസാമസം നേരിട്ടിരുന്നതായും, നിലവിൽ ടി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതായും, ടി പ്രവൃത്തികളുടെ ഭരണാനുമതി കാലാവധി കഴിഞ്ഞതിനാൽ പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ കരാറുകാരന് അനുവദിച്ചു നൽകുന്നതിന് നിലവിൽ സാധിക്കാത്ത അവസ്ഥ നിലനിൽക്കുകയാണെന്നും, ആയതിനാൽ പൂർത്തിയായ പ്രവൃത്തികളുടെ തുക അനുവദിക്കുന്നതിനായി ഭരണാനുമതി കാലാവധി 15-10-2024 തിയതി വരെ നീട്ടി നൽകുന്നതിനുള്ള ഉത്തരവ് ലഭ്യമാക്കണമെന്നും പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ സൂചന(1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ മുസിരിസ് ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെട്ട "Conservation of Various Heritage Buildings" എന്ന പദ്ധതിയുടെ ഭരണാനുതി ഉത്തരവിന്റെ കാലാവധി 31.03.025 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(4) പ്രസ്തുത പ്രവൃത്തിയുടെ ToC Extension യഥാസമയം അനുവദിച്ചിട്ടുണ്ടെന്നും, ToC Extension സംബന്ധിച്ച് Kerala PWD Manual ലെയും, സൂചന (3) ഉത്തരവിലെയും നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I & II ), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (ഫയൽ നമ്പർ.2908645/പിയു-സി3/139/2024-ധന )
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/224/2024-ടൂർ)

ഉത്തരവിൻ പ്രകാരം
Signed by
Moly Vijaya C S
Date: 21-02-2025 15:47:05
സെക്ഷൻ ഓഫീസർ

പകർപ്പ് :
വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.